# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

പൊതുവിദ്യാഭ്യാസ സംവിധാനം മികവുറ്റതാ ക്കി മാറ്റാൻ ശിവപുരം ന്യൂ എ എൽ പി സ്കൂളിൽ 2025 26 വർഷത്തിൽ നടപ്പാക്കാൻ രൂപപ്പെടുത്തിയ അക്കാദമിക പദ്ധതിയാണിത്

സ്കൂൾ വിദ്യാഭ്യാസത്തിൽ ഇടപെടുന്ന എല്ലാ സംവിധാനങ്ങളെയും ഏകോപിപ്പിച്ച് ലഭ്യമായ വൈദഗ്ധ്യത്തെ കുട്ടികളുടെ ഗുണമേന്മ വിദ്യാഭ്യാസത്തിന് മുതൽക്കൂട്ടാക്കാൻ പദ്ധതിയിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു

കുട്ടികളുടെ സർഗോത് മുഖമായ വികാസത്തിന് വേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന് ആധുനിക സാങ്കേതിക സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം രക്ഷിതാക്കളിൽ ഗുണമേന്മ വിദ്യാഭ്യാസത്തെ കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കാൻ കഴിയണം

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

### ഭൗതികം

1 ചിൽഡ്രൻസ് പാർക്ക് സജ്ജീകരിക്കൽ
2 അടുക്കള നവീകരണം
3 ജൈവവൈവിധ്യ പാർക്ക്
4 അടുക്കളത്തോട്ടം

### അക്കാദമികം

1 ഭാഷാശേഷി വികസനം
2 വായനാ പരിപോഷണം
3 ലൈബ്രറി ശാക്തീകരണം
4 ഗണിത ശേഷി വികസനം
5 ഇംഗ്ലീഷ് പഠന പരിപോഷണം
6 സാഹിത്യ പോഷണ പരിപാടികൾ
7 പഠനയാത്രകൾ
8 ഐടി പഠനം
9 കായിക പരിശീലനം
10 സമ്പൂർണ്ണ പോഷകാഹാര പരിപാടി

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## STD I

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത് എഴുത്ത് വായന മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത് ഈ വർഷം മെയ് മാസം മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് ഇതിൽ അവതരിപ്പിക്കുന്നത്

ലക്ഷ്യങ്ങൾ

1 ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക

2 എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക

3 ഒരു സംഖ്യയും രണ്ടക്കസംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദാനം ചെയ്യുന്നതിന് കഴിവ് നേടുക

4 തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിന് വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനു കഴിവുള്ളവരാക്കുക

5 കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷമതയും ഉറപ്പുവരുത്തുക

പ്രവർത്തന പദ്ധതി

ലക്ഷ്യം

ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക

## പ്രവർത്തനങ്ങൾ

| | | |
|---|---|---|
| ജൂൺ | സചിത്ര നോട്ട്ബുക്ക് സചിത്ര ആസൂത്രണം, ലൈബ്രറി ഒരുക്കൽ | |
| ജൂലൈ | സംയുക്ത ഡയറി ചിത്രകാർഡ് വായന കാർഡ് നിർമ്മാണം | |
| ആഗസ്റ്റ് | പാട്ടരങ്ങ് നിർമ്മാണ ശില്പശാല റീഡേഴ്സ് തിയേറ്റർ അക്ഷരപ്പാട്ടുകൾ, കഥ കേൾക്കാനും പറയാനും അവസരം | |
| സെപ്റ്റംബർ | വ്യക്തിഗത രചനകൾ സ്വതന്ത്ര വായന എഴുത്ത് രചനോത്സവത്തിലേക്ക് സ്വതന്ത്രചനകൾ | |
| ഒക്ടോബർ | വായനോത്സവം ചിത്ര വായന സ്വതന്ത്ര രചന പ്രദർശനം | |
| നവംബർ | ഭിന്ന നിലവാരക്കാർക്ക് ഭാഷാപ്രവർത്തനങ്ങൾ കുട്ടിക്കവിതകൾ ചൊല്ലൽ രചനോത്സവം | |
| ഡിസംബർ | പത്രവായന വായനോത്സവം വായന കാർഡ് വായന കൂട്ട വായന | |
| ജനുവരി | കൂട്ടെഴുത്ത് സംയുക്ത ഡയറി മെച്ചപ്പെടുത്താൻ ലഘു കവിതകൾ കഥകൾ എഴുതാൻ അവസരം | |
| ഫെബ്രുവരി | മാഗസിൻ നിർമ്മാണം പ്രകടനങ്ങൾ രചനോത്സവം, ഭാഷോത്സവം | |
| മാർച്ച് | കഥകൾ വായന, രചനകൾ പ്രകാശനം വീട്ടു വായന കൂട്ടവായന അമ്മ വായന ചങ്ങല വായന പതിപ്പ് നിർമ്മാണം | |

# ആമുഖം

ശിവപുരം ന്യൂ എ.എൽ.പി. സ്കൂളിൽ 2025-26 അധ്യയന വർഷത്തിൽ രണ്ടാം ക്ലാസിൽ 11 കുട്ടികൾ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്ത ഡയറി എഴുതി തുടങ്ങുകയും കുട്ടികൾ സ്വതന്ത്ര രചയിതാക്കൾ ആവുകയും ചെയ്യുന്നതിന്.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിന്.
- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുന്നതിന്.

ക്ലാസ്സ് : II

| ലക്ഷ്യം. | പ്രവർത്തനം. | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **മലയാള മധുരം.** | | | | |
| ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയിലേക്ക് എത്തിക്കുന്നതിനോടൊപ്പം ആശയഗ്രഹണ വായനയും ഭാവാത്മക വായനയിലേക്കും നയിക്കുന്നു. | കുട്ടിയും രക്ഷിതാവും ചേർന്ന വായന ക്ലാസ് ലൈബ്രറി ഒരുക്കൽ. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ, CPTA | CPTA |
| **സംയുക്ത ഡയറി** | | | | |
| സ്വതന്ത്ര രചന പരിപോഷിപ്പിക്കുക. | •CPTA യിൽ ഡയറി എഴുത്തിന്റെ രീതി പരിചയപ്പെടുത്തുന്നു. •ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു. •മികവുള്ള ഡയറി ക്ലാസിൽ പങ്കുവയ്ക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ. | |
| **പാട്ടരങ്ങ്.** | | | | |
| കവിതാസ്വാദനം, അവതരണം, ഈണം, താളം, ഭാവം ആശയം എന്നിവ പരിഗണിച്ച് പുതിയവരികൾ കൂട്ടിച്ചേർക്കൽ. | • പാട്ടരങ്ങ് അവതരിപ്പിക്കൽ •വീഡിയോ ഡോക്യുമെന്ററി തയ്യാറാക്കൽ •കുട്ടികൾ തയ്യാറാക്കിയ കവിതകൾ വായനാ കാർഡുകളാക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| **സചിത്ര പുസ്തകം.** | | | | |
| കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു. | •വർക്ക്ഷോപ്പ് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു • സചിത്ര പുസ്തകം അടിസ്ഥാനമാക്കിയുള്ള പ്രതിമാസ രക്ഷാകർതൃയോഗങ്ങൾ. • ഭാഷോത്സവത്തിൽ അവതരിപ്പിക്കൽ | ജൂൺ - മാർച്ച് | ക്ലാസ്ടീച്ചർ, രക്ഷിതാക്കൾ | ക്ലാസ്ടീച്ചർ രക്ഷിതാക്കൾ. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## STD IV

## ആമുഖം

നാലാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനത്തിന് ലക്ഷ്യം വെച്ചുകൊണ്ട് എഴുത്ത് വായന മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. ഈ വർഷം മെയ് മാസം മുതൽ അടുത്ത വർഷം മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തനം സാധ്യതയുള്ളതുമായ വിവിധ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്

ആഹ്ലാദപൂർണ്ണമായ വായനാനുഭവങ്ങൾ ഉറപ്പാക്കി വായിച്ചരചനങ്ങളെക്കുറിച്ച് പറയുവാനും, ഏഴുതുവാനുള്ള അവസരം ഒരുക്കൽ, സ്വയം വായിച്ചു കണ്ടെത്തലുകൾ നടത്തുന്നതിനുള്ള കഴിവ് വികസിപ്പിക്കൽ, വായനാനുഭവങ്ങൾ പങ്കുവെക്കുന്നതിനുള്ള അവസരം നൽകൽ, എല്ലാ കുട്ടികളുടെയും വീട്ടിൽ ഒരു ലൈബ്രറി ഉറപ്പാക്കൽ എന്നിവ ഈ പദ്ധതിയിൽ ലക്ഷ്യമിടുന്നു

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായ പിന്നോക്കാവസ്ഥ നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ ആവശ്യമായ സാമഗ്രി ഒരുക്കൽ | ലക്ഷ്യം നേടുന്നവരെ | ക്ലാസ് അദ്ധ്യാപകൻ | |

## വായിക്കാം വളരാം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാക്കൂട്ടം ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തകപരിചയം വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ് പുസ്തക സംവാദം ആനുകാലിക വായന | വർഷം മുഴുവൻ | ക്ലാസ് അദ്ധ്യാപകൻ, ക്ലാസ് പി ടി എ | |

## എഴുതാം തെളിയാം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ | ക്ലാസ് അദ്ധ്യാപകൻ, ക്ലാസ് പി ടി എ | |

# സർഗ്ഗോത്സവം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപഠനത്തി ന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മ വിശ്വാസത്തോ ടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗ ശേഷികളുടെ പ്രദർശനം | വർഷത്തിലൊരി ക്കൽ | ക്ലാസ് അദ്ധ്യാപകൻ, ക്ലാസ് പി ടി എ | |

# ഓർക്കാം അഭിമാനിക്കാം (സാഹിത്യകാരന്മാർ)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകാര ന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമദിനങ്ങൾ ആചരിക്കൽ ഡോക്യുമെന്ററി പ്രദർശനം പുസ്തകപരിചയം ക്വിസ് ലഘുപ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് | ആവശ്യാനുസര ണം | ക്ലാസ് അദ്ധ്യാപകൻ, ക്ലാസ് പി ടി എ | |

# ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്ര ണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും . ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | [illegible]<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

# English – Std IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൂ. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

## അക്കാദമിക മേഖല പ്രവർത്തനങ്ങൾ

### മലയാളം Std V

**ആമുഖം**

മികച്ച വായനയുടെ അഭാവം ശ്രാവ്യ വായനയുടെ പരിമിതി എന്നിവ കാരണം കുട്ടികൾ വായനയുടെ ആസ്വാദന തരത്തിലേക്ക് വർണ്ണന ആസ്വാദനക്കുറിപ്പ് കവിതാരചന കഥാരചന എന്നീ വ്യവഹാര രൂപങ്ങളിലും പിന്നോക്കം പോകുന്നു.

ലക്ഷ്യം: 2025 ഡിസംബർ ആവുമ്പോഴേക്കും കുട്ടികളുടെയും രക്ഷിതാക്കളുടെയും സഹായത്തോടെ ക്ലാസ് ലൈബ്രറി മാതൃകാപരമായി ക്രമീകരിച്ച് ആകർഷകമാക്കുന്നു. പുസ്തകങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുന്ന പുസ്തകങ്ങൾ കുട്ടികളും രക്ഷിതാക്കളും ക്ലാസ് അധ്യാപകനും ചേർന്ന് ലിസ്റ്റ് ചെയ്യുന്നു ക്ലാസ് ലൈബ്രറി മെച്ചപ്പെടുത്തുന്നു

വിഷയം മലയാളം

ലക്ഷ്യം: കുട്ടികളെ മികച്ച വായനക്കാരും എഴുത്തുകാരുമാക്കുന്നതിന്

| ഉപപ്രവർത്തനങ്ങൾ | ചുമതല ടീം | കാലം | സാമ്പത്തികം |
|---|---|---|---|
| പുസ്തകം തരംതിരിക്കൽ<br>ഓരോ ക്ലാസിലും ഉപയോഗിക്കാവുന്ന പുസ്തകം ലിസ്റ്റ് ചെയ്യാൻ<br>പുസ്തകവിതരണം സൗകര്യം ഒരുക്കൽ<br>ക്ലാസ് ലൈബ്രറി മെച്ചപ്പെടുത്താൻ<br>വായനാവാരം<br>വായനാക്കുറിപ്പ്<br>പ്രസംഗ മത്സരം<br>മികച്ച വായനാനുഭവം പങ്കുവെക്കൽ<br>പൊതുവേദിയിലുള്ള പ്രകടനങ്ങൾ | ക്ലാസ് അദ്ധ്യാപകൻ<br>ലൈബ്രറി ഇൻചാർജ്<br>ക്ലാസ് അദ്ധ്യാപകൻ<br>ക്ലാസ് അദ്ധ്യാപകൻ | ജൂൺ<br>ജൂൺ | |

# ALPS SIVAPURAM NEW

## വാർഷിക പദ്ധതി

**ജനറൽ അസംബ്ലി,**
**എസ് ആർ ജി,**
**ക്ലാസ് പിടിഎ,**
**പി ടി എ എക്സിക്യൂട്ടീവ്**
**പിടിഎ ജനറൽ ബോഡി**
**ബോധവൽക്കരണ ക്ലാസ്**

**ദിനാചരണങ്ങൾ**
ജൂൺ മുതൽ മാർച്ച് വരെയുള്ള പ്രധാന ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു

**ഭാഷാശേഷി വികസനം** (ഭാഷാപരമായ പിന്നോക്കവസ്ഥ പരിഹരിക്കൽ )
അക്ഷരം ചിഹ്നം ഉറപ്പിക്കൽ
പദ നിർമ്മാണം
വാക്യനിർമ്മാണം

**ഗണിത ശേഷി വികസനം**
ഗണിത ലാബ്
ഗണിത ശില്പശാല

**ഇംഗ്ലീഷ് പഠനം**
ഇംഗ്ലീഷ് ക്ലബ്ബ് രൂപീകരണം
ഇംഗ്ലീഷ് അസംബ്ലി
ഇംഗ്ലീഷ് ഡയറി
ഇംഗ്ലീഷ് ഫെസ്റ്റ്
കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്

**വായനശേഷി വർദ്ധിപ്പിക്കൽ**
പത്ര വായന
ക്ലാസ് തല പത്രം
വായനാക്കുറിപ്പ് തയ്യാറാക്കൽ

**ശാസ്ത്ര പോഷണ പരിപാടി**
ശാസ്ത്ര ക്ലബ്ബ് രൂപീകരണം
ശാസ്ത്ര ദിനാചരണങ്ങൾ
ലഘു പരീക്ഷണങ്ങൾ നടത്തൽ

ശില്പശാലകൾ സംഘടിപ്പിക്കൽ

**പ്രവർത്തിപരിചയം**

പഠനോപകരണ നിർമ്മാണ ശില്പശാല

നാടൻ പാട്ട് ശില്പശാല

**കല**

വിദ്യാരംഗം പ്രവർത്തനങ്ങൾ, സാഹിത്യസമാജം

കലാമേളയ്ക്ക് തയ്യാറാക്കൽ

**ഐടി പഠനം കാര്യ ക്ഷമമാക്കൽ**

**സ്കൂൾ സൗന്ദര്യവത് ക്കരണം**

**കളികൾ**

ചെസ്സ് പരിശീലനം

ബാഡ്മിന്റൺ പരിശീലനം

**കായിക പരിശീലനം**

**രക്ഷിതാക്കൾക്കുള്ള വിവിധ പ്രവർത്തനങ്ങൾ**

ക്ലാസുകൾ

ശില്പശാലകൾ

ലൈബ്രറി പുസ്തകം

**ഫീൽഡ് ട്രിപ്പ്**